# രാജ്യം.

E350

ആർ. കൈമ്മൾ.

# അഭിപ്രായം.

---

ശ്രീമാൻ എം. ആർ. രാമക്കൈമ്മളുടെ "രാജം" എന്ന ഈ കവിത ഞാൻ ഒരാവൃത്തി വായിച്ചു.

"എന്നാലൊരുത്തനു കരുത്തിനൊരുത്തി നിന്നാ--
ണെന്നാളുമീയുലക നീതി നടന്നിടുന്നു ,"

എന്നും മററുമുള്ള വരികളിൽ കാണുന്ന പ്രതിത്തിഗുണം സാർവ്വത്രികമാകാത്തതു പരിചയക്കുറവുകൊണ്ടാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. വ്യാഖ്യാനംഗ്രന്ഥകാരൻതന്നെ വിഷമപദ്യങ്ങൾക്കു കുറിച്ചിട്ടുള്ളതുവലിയ ഉപകാരമാണ്. ഇനിയെഴുതുന്ന കാവ്യത്തിനു ഇത്രമാത്രം പ്രാസഭ്രമം കൂടാതെയിരുന്നാൽ കൊള്ളാം.

"മഹാമനസ്സുരമ്പിൽ ഗ്രഹിക്കുമിതു പിന്നെയനുഗ്രഹിക്കും" എന്നുള്ള മി: കൈമ്മളുടെ വിനീതമായ (അപേക്ഷ) ഫലവത്താകട്ടെ എന്നു് അദ്ദേഹത്തിന്റെ ഇതര സുഹൃത്തുക്കളോടൊപ്പം ഞാനും പ്രാർത്ഥിച്ചുകൊള്ളുന്നു.

തിരുവനന്തപുരം.
27—12—109

ഉള്ളൂർ എസ്. പരമേശ്വയ്യർ.

---

1983

# രാജ്യം.

അഥവാ

# രാജീവം.

...VILASAM READING ROOM * MALAYINKEEL *

അല്പപ്പിറപ്പിനു വരുന്ന പെരുത്തനർത്ഥം ,
*കല്പത്തിനല്പരുചിനോക്കിയപോലപഥ്യം ;
അല്പൻ ശഠിച്ചിത “ റിവൊക്കെയെനിക്കുതന്നെ .”
വ്യല്പന്നർ ചൊല്ലി : “കുറതീർന്നവരില്ലതന്നെ .”

ആർ. കൈമ്മൾ, എം. ഏ., എൽ എൽ. ബി.

* കല്പം=ചാകാതിരിക്കാൻ മരുന്നു്.

1983

ശ്രീ.

# സമർപ്പണം.

ശ്രീപാശ്ചവത്തി കതിരോൻ കരമേകി, "രാജം,"
ശ്രീപാദസേവിനി, വസിച്ചു വരുന്ന വൃത്തം
ശ്രീപാദസേവനടിയൻ വിടവാങ്ങി "രാജ്ഞി
ശ്രീപാർവ്വതിത്തിരുവടി" യ്ക്കു നമിച്ചു വച്ചേൻ.

അടിയാർ,

ആർ. കൈമ്മൾ.

1983

SRI KRISHNAVILASAM READING ROOM * MALAYINKIL

# അഭ്യത്ഥന :

മഹാജനങ്ങളറിയേണമവസ്ഥയെല്ലാം
മഹാകവിത്വമിവനില്ലറിവില്ല തെല്ലും ;
സഹായമാണു പണമെന്നു പറഞ്ഞു പക്ഷേ
മഹാമനസ്കരിതു വാങ്ങണമെന്നപേക്ഷ !

എന്നു്, ആർ. കൈമ്മൾ.

# മുഖവുര.

ജൃമ്പിട്ടു വാണി തുണനിന്നു ; ദയാലു “ കൃഷ്ണൻ –
തമ്പി ” സ്സുഹൃത്തു ഗുണദോഷമനേകമേകി ;
കുമ്പിട്ടിവൻ കവിത തീർത്തു ; മഹാമനസ്സു –
ളമ്പിൽ ഗ്രഹിയ്ക്കുമിതു, പിന്നെയനുഗ്രഹിയ്ക്കും .

എന്നു്, ആർ. കൈമ്മൾ.

1983
E 350
MALAYINKEEL

# രാജം.

അഥവാ

# രാജീവം

I

(i)

1 ആടിത്തുടിച്ചു , കുടപോലെ വിടിൻ വമ്പിൽ
മോടിയ്ക്കു ചാടി മലരമ്പുമടിച്ചൊരാമ്പൽ
താടിയ്ക്കുതട്ടിയൊരു താമര—" രാജ "—മമ്പോ !
പേടിച്ചു , വാടി—കമലാക്ഷ !—കരഞ്ഞു , ക്രമ്പി .

(ii)

2 " ഇപ്പാട്ടുപോയിവളിരുന്നു രമിപ്പതെപ്പോ " -
ളപ്പാട്ടുതന്നെയിതു ചൊല്ലിയനുഗ്രഹിപ്പാൻ ,
മുപ്പാരു വാണരുളി , വാണി തുണയ്ക്കു ! യിപ്പോ -
ളിപ്പാമരൻ പണിയുമല്പവുമില്ലിളപ്പം .

---

1 മലരമ്പ്=പൂവാകുന്ന അമ്പ്. താമര കാമദേവന്റെ ഒന്നാമത്തെ അമ്പാകുന്നു. "രാജം" എന്നു പേരുള്ള ഒരു താമരയെ അടുത്തു വിടിന്നുനില്ക്കുന്ന ഒരു ആമ്പൽ താടിക്കു തട്ടുന്ന അവസ്ഥയിൽ കഥ തുടങ്ങുന്നു. അതായതു രാത്രിയിൽ.

2. അപ്പാട്ടുതന്നെ=അതുപോലെ തന്നെ. താമരയ്ക്കു സുഖം വരുന്നതു് എന്നാണെന്നു സരസ്വതിപ്രസാദംകൊണ്ടു പറയണം. പണിയുക =വേല ചെയ്യുക.

3 അത്രയ്ക്കുമാത്രമൊരു വാക്കു ചിരിച്ചു ചൊല്ലി,
മിത്രപ്രസാദമിവനെത്രയുമേകമല്ലീ?
ചിത്രപ്രതാപതപനൻ വരപത്മചില്ലീ--
സൂത്രത്തൊടാടിയിവിടെപ്പുലരുന്നിതല്ലീ?

(iii)

4 "വല്ലായ്മ വേണ്ടയിനിയുണ്ടൊരു നല്ലകാലം;"
ചൊല്ലായിത "തിരുവനന്തപുരത്തു" കേട്ടു!
മല്ലാരിതന്നെ ശരണം തരുമെന്നു കണ്ടു
ഫുല്ലാബ്ജമായി വിലസാൻ നിലകൊണ്ടു രാജം.

5 രാജം മനോഹര സരോരുഹനാമമൊന്നാ--
യോജസ്സൊടുങ്ങിയിരുളിന്നിരയായിതെന്നാൽ,
തേജസ്വരൂപി കതിരോൻ വരുമെന്നുതന്നെ
വ്യാജത്തിൽ വന്ന ദുരിതത്തിലടങ്ങി നിന്നാൾ.

6 ഇന്നാട്ടിരുട്ടുനിര കൂടി വരുന്നു കണ്ടു
നിന്നാശകെട്ടു കമലം നെടുവീർപ്പുവിട്ടു!
നന്നായ് വരണ്ട കരമോടവൾ കൂപ്പി, യപ്പോൾ
വന്നാൻ വിരണ്ടരുണനാമുഖമെത്തിമുത്താൻ!

---

3. മിത്രപ്രസാദം=മിത്രങ്ങളുടെ ഇഷ്ടം; നല്ലപേരു്. ചിത്രപ്രതാപതപനൻ=ചിത്രമായ പ്രതാപത്തോടുകൂടിയ സൂര്യൻ. വരപത്മചില്ലീസൂത്രം=ശ്രേഷ്ഠമായ താമരയുടെ പുരികമാകുന്ന ചരടിൽ. സൂര്യൻ താമരയുടെ കളി കണ്ടു് ആടി രസിച്ചു് ഇവിടെ പാർക്കുന്നതല്ലയോ? ആണെന്നു ഭാവം.

4. തിരുവനന്തപുരം=വൈകുണ്ഠം.

6. ഇന്നാട്ടിരുട്ടുനിര='രാജം' എന്ന താമര കൂമ്പിനിന്ന നാട്ടിലെ ഇരുട്ടുനിര. വെളുക്കുന്നതിനു് അല്പംമുൻപുള്ള ഇരുട്ടു വളരെ അധികമാകുന്നു. താമര ഒന്നുകൂടെ കൂമ്പി. ഇതളുകൾ കൈവിരലുകളായി സങ്കല്പിച്ചിരിക്കുന്നു.

(iv)

7 നീലാംബരം പുലരുവാൻ തിരിയുന്ന നേരം
കൈലാസനാഥകൃപയല്ലി ? യുണൎന്നു രാജ്യം ,
കാലാവലോകനഫലം വരണേ ! ബലാലീ --
ബാലാൎക്കബിംബമമലം കണികണ്ടു വീണ്ടും .

8 സൂൎയ്യോദയത്തിലഴകോട്ടു വിടിൎന്ന പത്മം
സ്ഥൈൎയ്യോചിതം പുതിയ പുഞ്ചിരി തൂകി നിന്നാം ;
കാൎയ്യോത്തമൻ കതിരവൻ കരമാശ്രയിക്കാൻ ,
ധൈൎയ്യോന്നതം കുശലമോതിയൊഴിഞ്ഞുഴിഞ്ഞാം .

9 വെള്ളപ്പുളുങ്കൊളി വളൎന്നു വിളൎത്ത രാജ്യം
പിള്ളപ്പകിട്ടൊട്ടു വിടിൎന്നരുണാംബുജമായി !
ഉള്ളത്തെയൊക്കെ നിജ കാമുകനായ് കൊടുപ്പാൻ
കള്ളക്കടാക്ഷ പരിശിക്ഷയൊടെത്തിനോക്കി !

10 ചെന്താമരയ്ക്കു രമണൻ തരുണാൎക്കനെന്തീ
ചിന്താൎത്തിയിൽ പൊരികയോ ? ചൊരിയുന്നു ചെന്തീ !
എന്താണരയ്ക്കു , യനുരാഗമുദിച്ചു ചിന്തി
സന്താപമായെരികയോ പരിതപ്തകാന്തി ?

---

7. ബലാൽ=ദൈവാധീനംകൊണ്ടു്.

8. രാത്രിയിൽ വെളുത്തുവിളറിയ താമര പുലൎച്ചയിൽ ചെന്താമരയായി എന്ന ഭാവം.

10. രാഗം=സ്നേഹം, ചെമപ്പു്, ഉദയത്തിലെ ചെമപ്പു് അനുരാഗമായി സങ്കല്പിച്ചിരിക്കുന്നു.

(v)

11 ദുർവ്വാരമാരശരമാരി തുടർന്നു വാർന്നു ,
സർവ്വാംഗവും രവി തുറിച്ചു , വിറച്ചുയർന്നു ;
പൂർവ്വാശ രക്തശതപത്രമതായ് വിടർന്നു .
നീർവ്വാണവിഷ്ണുപദമുഷ്ണരുചിയ്ക്കമർന്നു !

12 ലോപം വരാതെ കമലം വിലസുന്നു ; ചീറും
ചാപം കുലച്ചു മദനൻ ശരമെയ്തു കേറി ;
കോപം നിറഞ്ഞു രുചി വന്നു മറിഞ്ഞു , നീറും
താപം മുഴുത്തു തപനന്നു കൊഴുത്തു ക്രൂരം .

13 അസ്ത്രം തറച്ചു മദനന്റെ മദപ്പുതപ്പാം
വസ്ത്രം ധരിച്ചിതു ദിഗംബരഭാനുബിംബം ;
ശസ്ത്രക്രിയയ്ക്കു കമലം കരുവെന്ന കാമ -
ശാസ്ത്രാർത്ഥസാര മറിവാൻ , പറവാൻ , കറങ്ങി !

14 പയ്യെദ്ദിവാകരനുരച്ചിദമാത്തമോദം ;
" തയ്യേ ! നമിക്ക , കമലാപതി തന്റെ പാദം ;
അയ്യേ ! വരുത്തരുതു യാതൊരു ഭാവഭേദം
വയ്യേ! തരാം മമ കരം , കളവേൻ വിഷാദം . "

---

11, 12. നീർവാണ=വെള്ളത്തുള്ളികൾ ഉള്ള വിഷ്ണുപദം=ആകാശം. രുചി=ശോഭ കാമദേവൻ ചെന്താമരയെടുത്തു് എയ്തുകൊണ്ടു് സൂര്യനു സ്നേഹവും ചെമപ്പും ഉണ്ടായി എന്നു ഭാവം.

13. ദിഗംബരഭാനുബിംബം=നഗ്നനായ സൂര്യൻ. കരു=ആയുധം, കാമഭ്രാന്തു മാത്രം സൂര്യന്റെ വസ്ത്രമായി എന്നു ഭാവം.

14. കമലാപതി=വിഷ്ണു.

15 പഞ്ചായുധന്നു വിജയക്കൊടി നാട്ടിനിന്നി-
പഞ്ചായുധപ്രഥമപുഷ്കലപുഷ്കരശ്രീ
അഞ്ചാതെ ഭാനുവിനതിപ്രിയഭാൎയ്യയാവാൻ
സഞ്ചാരി വായുഭഗവാൻ ശുഭമോതിയൂതി !

(vi)

16 ശ്രീപത്മനാഭകൃപയാൽ രവിരശ്മിതിങ്ങി,
ശ്രീപാദമായിതഭയം, നളിനം വിളങ്ങി;
ആപാദചൂഡമഭിമാനമവൎക്കു പൊങ്ങി,
മാപാപിയായ കുമുദം മതിപോയ് പതുങ്ങി.

17 "എത്രയ്ക്കു ഗാത്രരുചി ചാൎത്തിയ മിത്രമായ
ചിത്രപ്രചണ്ഡകിരണൻ തരണേ കരങ്ങൾ !"
"മിത്ര ! പ്രഭാകര ! ദിവാകര ! ലോകബന്ധോ !
ചിത്രത്തിലാവരുതഹോ ! തവ രാഗരംഗം !"

---

15. താമര കാമദേവന്റെ ഒന്നാമത്തെ അമ്പാകുന്നു. അതുതന്നെ പ്രയോഗിച്ചു സൂൎയ്യനെ കാമുകനാക്കിയെന്നു ഭാവം. സൂൎയ്യനും താമരയ്ക്കും സുഖം വരാനായി കാററൂതി. പ്രഥമ......ശ്രീ=വളരെ ശ്രീയുള്ള ഒന്നാമത്തെ താമര. അഞ്ചാതെ=ഭയപ്പെടാതെ.

16. ശ്രീപത്മനാഭനാണ് വിവാഹം നടത്തുന്നതു. താമരയ്ക്കു് അഭയം മഹാലക്ഷ്മിയുടെ തൃക്കാലടിയുമായി.

17. സൂൎയ്യനെപ്പററി താമരകൾ മനസ്സിൽ വിചാരിക്കുന്നതു പൂൎവ്വാൎദ്ധം. വെളിയിൽ പ്രാൎത്ഥിക്കുന്നതു ഉത്തരാൎദ്ധം. ചിത്രത്തിലാ......രംഗം=സൂൎയ്യൻ വെറും പടം കാണിക്കരുതെ എന്നു് അവർ പ്രാൎത്ഥിക്കുന്നു.

18 എന്നിത്തരം പലതരം വഴവാട്ടു കൂടി -
വന്നിട്ടു നല്ല വെയിലും മഴയും തകൎത്തു ;
എന്നിട്ടു ധൎമ്മനിരതൻ കതിരാടി സൂൎയ്യൻ
നിന്നിട്ടു കൎമ്മഗതി കാട്ടി വിളങ്ങി വാനിൽ .

19 അംഭോരുഹങ്ങൾ , പല താമര , സാരസങ്ങൾ ,
ഡംഭോട്ടു രക്തശതപത്രകുശേശയങ്ങൾ ,
കുംഭോപമം കമലപത്മസരോരുഹങ്ങൾ
സംഭോഗഭാഗ്യവിഭവം രവിയോടിരന്നാർ .

20 സൂൎയ്യപ്രകാശമഹിമയ്ക്കെതിരില്ലിഹത്തിൽ
സൂൎയ്യപ്രതാപസമമായതുതന്നെയല്ലീ ?
വീൎയ്യപ്രസന്നമുഖനായറിയുന്നിതോരോ
കാൎയ്യപ്രമാണമഖിലപ്രകൃതിക്കുമൂലം .

21 മിത്രപ്രഭാവവിഭവൻ , ഹരി , സംക്രമിയ്ക്കും ;
ചിത്രപ്രഭാകരവിവാഹമഹം കഴിയ്ക്കും ;
പുത്രപ്രജാവലികളായവരും ജനിയ്ക്കും ;
ചിത്രപ്രശാന്തമുഖമേന്തി നിറഞ്ഞിരിക്കും .

---

18. ഈ പ്രാൎത്ഥനകൾ ഒന്നിച്ചുചേൎന്നു വെയിലും മഴയുമായിക്കൂടി.

19. പലതരം താമരകൾ ഭൎത്തൃസുഖംവേണമെന്നു് അപേക്ഷിച്ചു.

20. പ്രകൃതിയ്ക്കു കാരണക്കാരൻ സൂൎയ്യനാകുന്നു.

21. ഹരി=വിഷ്ണു. സകല ചരാചരങ്ങളും ഉണ്ടാകുന്നതും സൂൎയ്യന്റെ കൎമ്മമാകുന്നു.

22 വല്ല്യാളുകൾക്കു വരുവാനിടയുള്ള സാക്ഷാൽ
കല്യാണവൃത്തമിടനാട്ടുകളിൽ പരന്നു ;
കല്യാനുകൂലമതിരററെതിരേററിതോരോ
തുല്യാവകാശകമലാക്ഷികളും വസിച്ചാർ.

23 അക്കന്നേതക്കതൊരു ചാച്ച്യെ നോക്കിനോക്കി
തക്കത്തിലെത്തി നിലയായി സുരാസുരന്മാർ ;
ചേക്കുട്ടെയിങ്ങനെ മിട്ടുക്കു പടച്ചു കൂട്ടി -
ത്തിക്കുട്ടെ തമ്മിലതിനൊത്ത പടക്കളങ്ങൾ !

24 ജാതിയ്ക്കുജാതിയുപജാതികളായ് പകുത്ത
നീതിയ്ക്കുട്ടത്തപടിയായ മതത്തിലെത്തി !
ഏതിന്നുതന്നെ പടവെട്ടുവതിന്നു കാര്യം
പാതിയ്ക്കുപോലുമറിയാതവർ പോരുകൂട്ടി !

25 തള്ളിത്തിരക്കിയൊരുവൻ വെയിലത്തു മൂത്ത
കള്ളിൽ കുളിച്ചുതലതല്ലിയലച്ചു ചത്തു !
മുള്ളിങ്ങുവന്നിലയിൽവീണില വന്നു വീണു
മുള്ളിൽകുഴിഞ്ഞയിലപോലെ കഴിഞ്ഞു ലോകം .

---

**22.** കല്യാനുകൂലം=ശ്രേഷ്ഠമായ ആനുകൂല്യത്തോടു കൂടി. കമലാക്ഷികൾ= സുന്ദരികൾ.

**23—26** ഈ വിവാഹം കാരണമാക്കി യുദ്ധങ്ങളും മററും ഉണ്ടായി. പ്രച ണ്ഡകിരണൻ=സൂര്യൻ.

26 ലേശംപ്രചണ്ഡകിരണപ്രണയാർത്ഥമായ
പാശംപിടിച്ചരിയ പോരുലകത്തിനെത്ര
നാശംവരുത്തി ! ജനമത്രയുമേ മുടിഞ്ഞു !
മോശം ! വിപത്തിനൊരു തീപ്പൊരിയായിതത്രേ !

27 " ഏതോ വിശേഷവിധി ബാധയുറച്ചു മുററി
ശീതോഷ്ണകാലവിധി മാററിമറിച്ചിതേററം ! "
കാതോട്ടുകാതു പലരോതി വരുന്നിതേററു
ചേതോഹരൻ , ഹരി , ചിരിച്ചു , തിരിച്ചു കാററു് .

28 ആരോഗ്യയോഗ്യതപനൻ കമലത്തിലെന്നും
മാരോത്സവത്തിനു കിതച്ചു , തപിച്ചു , സത്യം !
ആരോട്ടുപോലുമൊരു കാലവുമോതിടാതെ
നേരോട്ടു തന്നെ യുദയാസ്തമയം നടത്തി .

II

(i)

29 ശ്രീപുണ്ഡരീക നയനോത്സവപാത്രമായ
ശ്രീപുഷ്പബാണനൊട്ടു ദാസ്യമിരന്നു മാത്രം ,
ശ്രീപുഷ്കരത്തിലൊരുപാടനുരാഗപത്രം
ശ്രീപുത്രപാദകമലത്തിനയച്ചു മിത്രൻ .

---

27. ഹരി=സൂര്യൻ. സൂര്യന്റെ പോക്കനുസരിച്ചാണു് കാലാവസ്ഥകൾ മാറുന്നതു്.

28. ആരോഗ്യയോഗ്യതപനൻ=ആരോഗ്യംകൊണ്ടു യോഗ്യനായ സൂര്യൻ താമരയോട്ടുകൂടി കളിച്ചുരസിക്കുന്നതു് ആരും അറിയാതെ ഇരുണ്ടുവെളുക്കുന്നു.

29. ശ്രീപുത്രൻ=കാമൻ. പുഷ്കരം=ആകാശം. അനുരാഗപത്രം=കാമലേഖനം. ആകാശത്തിൽ കാണുന്ന ചെമന്ന രശ്മികൾ കാമദേവന്റെ പാദത്തിൽ അടിയറവെച്ച കാമലേഖനങ്ങളാണെന്നു ഭാവം.

30 കാമാത്തസാരസമനേകതപസ്സിരുന്നു
പൂമാതുദേവിയുടെ ചേവടി ചേർന്നു മുന്നം ,
ഈമാതിരിയ്ക്കു രവിയോട്ടു രമിയ്ക്കുവാനു -
മാ മാധവന്റെ രമയോട്ടു കരഞ്ഞു കാല്ക്കൽ .

(ii)

31 ദുർവ്വാസനയ്ക്കു വഴിവെട്ടിയ 'നാരദ'ന്മാർ
നിർവ്വാണദന്റെ വഴിവിട്ടു നിറഞ്ഞു നാട്ടിൽ ;
ഗർവ്വാലഹമ്മതി പറഞ്ഞു മറിഞ്ഞു പാഞ്ഞാർ ;
സർവ്വാപരാധമിതുപോലെ പരത്തിവിട്ടാർ !

32 " ശക്രാലയത്തിനെതിരായൊരു ചക്രവാളേ
ചക്രാകൃതിയ്ക്കുദയമായ് ഹരി ! ചക്രവർത്തി !
ചക്രായുധന്റെ പടിവാതില്ക്കു കാത്തിരിയ്ക്കേ
വക്രാശയോട്ടു മദനാന്ധത വാർത്തുവത്രേ !

---

30. സരസം=താമര. അതും തന്റെ സങ്കടത്തെ മഹാലക്ഷ്മിയോട്ടു കരഞ്ഞു പറഞ്ഞു.

31. നാരദന്മാർ=ഏഷണി പറയുന്നവർ. നിർവ്വാണദൻ=മോക്ഷം തരുന്നവൻ; ഈശ്വരൻ.

32. ശക്രാലയം=ദേവലോകം. ചക്രവാളം=ഭൂമിയും ആകാശവും കൂടി കൂട്ടിമുട്ടുന്നു എന്നു തോന്നുന്ന സ്ഥലത്തു്. ഹരി=സൂര്യൻ. (ഇവിടെ ആശ്ലേഷരൂപത്തിൽ ഉപയോഗിച്ചിരിക്കുന്നു) സൂര്യൻ ഭൂലോകം ഭരിക്കുന്ന ചക്രവർത്തിയും വൈകുണ്ഠത്തിൽ ദ്വാരപാലകനും ആകുന്നു. വക്രാശ=നേരെയല്ലാത്ത ആഗ്രഹം. മദനാന്ധത=കാമഭ്രാന്തു്. വാർത്തു=ഉണ്ടാക്കി.

33 “ തങ്കദ്ദിവാകരന്റെ പത്നി കുലീനയല്ല ;
പങ്കത്തിലല്ലി ജനനം വളരുന്നതും താൻ ?
മങ്കയ്ക്കു ജാതിയതുകൊണ്ടറിയേണ്ടതുണ്ടോ ?
കൊങ്കയ്ക്കു തുല്യമൊരു മൊട്ടിതു കണ്ടരുണ്ടോ ?

34 “ ആരെത്തിരഞ്ഞു രവി തെക്കുവടക്കലഞ്ഞു
തീരേ വലഞ്ഞു പൊരിയുന്നെരിയുന്ന വാനിൽ ?
നേരേ തിരിഞ്ഞെതിന്റെ മാനവുമററു ചെററു
ദൂരേയെറിഞ്ഞു , കമലത്തിനെയൊററിയേററു ?

35 “ ക്ഷേമത്തിലക്കന്റെ പടറെറാരു രാഗമോക്കിൽ
കാമന്നു കണ്ണു കുരുടെന്നുവരുന്നു തിണ്ണം ;
ഭൂമണ്ഡലത്തിനൊരു ഭാസുര സാർവ്വഭൌമൻ
ഭീമപ്രതാപനഹഹാ ! പുണരുന്നു പങ്കം ! !

36 “ ആഗസ്സനേകമിഹ രാപ്പകലാക്രമിപ്പാൻ
യോഗത്തെയോൎത്തു നളിനത്തിനെയിന്നു ഭാസ്വാൻ
വേഗത്തിലിത്തരമിണക്കിയണച്ചിതയ്യോ !
ഭോഗങ്ങളൊക്കെയൊഴിയാൻ വഴി വെട്ടിവിട്ടോ ?

---

33. കുലീന=തറവാട്ടുകാരി. പങ്കം=ചെളി.

34. ഉത്തരായനം, ദക്ഷിണായനം താമരയെ ഒററിക്കൊണ്ടു പോകാനാണെന്നു സങ്കല്പം.

35. കാമന്നു കണ്ണില്ല. ചക്രവത്തിയായ സൂൎയ്യൻ ചെളിയെ കെട്ടിപ്പിടിക്കാൻ തുടങ്ങിയാൽ ഈ കാൎയ്യം ഒന്നുകൂടെ ശരിയായി. സാവ്ഭൌമൻ=സകലത്തിനും മേലായവൻ. ഭീമപ്രതാപൻ=വലിയ പ്രതാപവാൻ.

36. ആഗസ്സ്=സങ്കടം. ഭാസ്വാൻ=സൂൎയ്യൻ. ഭോഗം=സുഖം. ഈ വിവാഹം കൊണ്ടു് സുഖമില്ലെന്നല്ല ദുഃഖമേയുണ്ടാകയുള്ളുവെന്നു താല്പൎയ്യം.

37 " ലോകത്തിന്നാകെയൊരു മാതൃക ലോകബന്ധു-
വാകട്ടെ, തൊട്ട കരമാട്ടിയെടുത്തു വേഗം
പോകട്ടെ വേട്ട, സുരനാട്ടിലെയാട്ടമാടാ-
നേകട്ടെ തൻെറ ഗൃഹനായിക സാരസത്തെ !

38 " ' മങ്കേ ! വരംതരിക ! ' യെന്നവനെത്തിരക്കി-
ക്കെങ്കേമമട്ടതരലയും മദനൻെറ കൂടെ ;
സങ്കേതപങ്കമിതിലക്കനെയേച്ചുവെച്ചാ-
പ്പങ്കേരുഹത്തിനുടെ ചാരനു പേരുമെന്തേ ! "

(iii)

39 മദ്ധ്യാഹ്നഭാസ്കരനിളക്കി വരോഷ്ണ രശ്മി
സ്വാദ്ധ്യായമാമഭിനിവേശമളന്ന പൂവിൽ ;
അദ്ധ്യായമാക്കിയരുളാൻ മമ ഭാവനയ്ക്കു
വാദ്ധ്യാരു കൃഷ്ണമണി കാണണമന്തിനേരം .

---

37. ഭാൎയ്യയെക്കൊണ്ടു ദേവലോകത്തു ദാസിയാട്ടത്തിനു മാത്രമേ കൊള്ളവെന്നു ഭാവം.

38. പെണ്ണിനു സംബന്ധം ഉണ്ടാക്കാനായി കാമദേവനും ദൂതന്മാരും കൂട്ടുകൂടി അലയുന്നു. താമരയെ സൂൎയ്യനോടു കൂട്ടിയിണക്കിയ ചാരൻെറ പേരു പറഞ്ഞാൽ കൊള്ളാം.

39. സ്വാദ്ധ്യായം=ഓത്തുചൊല്ലുകൾ. സൂൎയ്യൻ അളന്നു താമരയിൽ തട്ടിവിടുന്ന ഉഷ്ണരശ്മികൾ ഉപനിച്ചയുണ്ണികൾ ഓത്തുചൊല്ലുന്നപോലെയാണെന്നു സങ്കല്പം. അഭിനിവേശം=അനുരാഗം. ഈ കഥ അവസാനം വരെ പറഞ്ഞുതീൎക്കാൻ സങ്കല്പശുദ്ധിയുണ്ടാകണം.

40 ആദിത്യനുച്ചതിരിയുന്നൊരു നേരമായാൽ
ഖേദിച്ചു നിന്നു പൊരിയുന്നു പെരുത്ത താപാൽ ;
ചോദിക്കവേണ്ട , മണിയൊന്നര രണ്ടടിച്ചു ,
ഭേദിച്ചവന്റെ ഹൃദയം മുരളുന്ന കേൾക്കാം .

41 " തെക്കോട്ടൊരിക്കലതുപോലെ വടക്കു പോയി
ദിക്കോടുമുട്ടി മദനാർത്തി പെരുത്തു ഞാനും
ഊക്കോടുതന്നെ തിരിയുന്നിതു വിക്കിവിക്കി
നാക്കോടു വന്നരുളുവാനരുളുന്നിതുള്ളം .

42 " തൊള്ളായിരത്തിനൊടു മുപ്പതു ചേർന്ന ലക്ഷ -
മുള്ളായനാഴികവഴിക്കകലത്തു , കഷ്ടം !
വെള്ളാനയുള്ള വരനായിഹ കർമ്മസാക്ഷി
കൊള്ളാം , വിവാഹവിധി കാട്ടിയ കാപ്പുകെട്ടി ! "

---

40. ഉച്ചതിരിഞ്ഞു രണ്ടുമണിയോടുകൂടിയാണ് ഉഷ്ണം ഏററവും അധികമാകുന്നതു്. സൂര്യൻ എപ്പോഴും ഉരുകിത്തിളച്ചുകൊണ്ടിരിക്കുന്ന ഗോളമാകുന്നു. അങ്ങനെ ഇളകിമറിയുന്നതു കാമപാരവശ്യമാണെന്നു ഭാവം.

41. ഉത്തരായനം ദക്ഷിണായനത്തെപ്പററി സൂര്യൻതന്നെ നിരൂപിക്കുന്നു. എത്ര വിക്കിയിട്ടും വെളിയിലേക്ക വരുന്നില്ല. ഉള്ളിൽ കിടന്നു മറിയുന്നതേയുള്ളു. അനുരാഗപാരവശ്യം അത്രയുണ്ടു്.

42. സൂര്യൻ തൊള്ളായിരത്തിമുപ്പതു ലക്ഷം നാഴിക ദൂരെയാണു നില്ക്കുന്നതു്. അവിടെയാണു കല്യാണം കഴിക്കാൻ കാപ്പുകെട്ടിയതു്; ഒരുമ്പെട്ടതു്. വെള്ളാനയുള്ള വരൻ=ഇന്ദ്രൻ. സംബന്ധം നടത്തുന്നതു് സ്വർഗ്ഗത്തിലാണെന്നു സാധാരണ പറഞ്ഞു വരുന്നു. കർമ്മസാക്ഷി=സൂര്യൻ.

43 “ മംഗല്യകൎമ്മഗതികാത്തുവഴിയ്ക്കു വാനിൻ
ശൃംഗത്തിലൂഴിമിഴിയായ് കഴിയുന്നിവന്റെ
അംഗത്തെ ദുൎമ്മദനനംഗനടക്കി ; യാൎക്കും
ശൃംഗാരയോനിയുടെ ശക്തിയറിഞ്ഞുകൂടാ ! ”

44 “ എന്നാലൊരുത്തനു കരുത്തിനൊരുത്തി നിന്നാ –
ണെന്നാളുമീയുലകനീതി നടന്നിടുന്നു ;
നന്നായിരുന്നു വരുവാനിണയൊന്നുവേണം
ചൊന്നാൽ ചുരുക്കി നളിനം വിവരം പതുക്കെ . ”

45 “ പത്മാക്ഷനായ പരനാം ഹരിയോടുതുല്യൻ
പത്മാലയാതനയനെയ്തിതു പത്മശല്യം ;
പത്മാക്ഷനാണിവനുമായതു പത്മമാല്യം ;
പത്മാകരം ! വരണമേ ! നിധിയായമൂല്യം ! ”

46 ചിത്താൎത്തിപൂണ്ടു രവിയിത്തരമോൎത്തുരുണ്ടു ;
തത്താദൃശം വദനമാസകലം വരണ്ടു ;
കത്താൻതുടങ്ങി ; യലമാലയിടഞ്ഞു കണ്ടു
മത്താശയൻ പതറി , മഞ്ഞ നിറം പിരണ്ടു ,

---

43. ശൃംഗം=കൊടുമുടി. ദുൎമ്മദൻ=ചീത്ത അഹമ്മതിയുള്ളവൻ. അനംഗൻ= കാമദേവൻ, ശൃംഗാരയോനി.

44. ഒരുത്തനായാൽ ഒരുത്തി വേണം.

45. പത്മാക്ഷൻ=ഹരി=വിഷ്ണു. സൂൎയ്യനെന്നും. പത്മാലയാ=ശ്രീദേവി. കാമൻ ശ്രീപുത്രനാകുന്നു. താമരയാകുന്ന അമ്പു് (ശല്യം) എയ്തതു് മാലയായി സൂൎയ്യന്റെ മേൽ ചെന്നു വീണു. പത്മാകരം=താമരപ്പൊയ്ക. അമൂല്യം=അളവില്ലാത്ത.

47 നാണിച്ചു ; താപവുമടങ്ങി ; മടങ്ങി , മുങ്ങി –
ത്താണിക്കരെത്തെരുതെരെത്തിരവന്നു പൊങ്ങി ;
വീണില്ലയേശിയൊരുരശ്മിയുമന്നു ; തങ്ങി –
ക്കാണില്ല കണ്ണിനു നിശാപതിയേയു മെങ്ങും .

(യുഗ്മകം)

## III

### (i)

48 മാദേവി മാധവനൊടൊത്തു തൊട്ടുത്തടക്കി
മോദേന പുത്രശരമത്രയുമേ യൊട്ടുക്കി ;
ആ ദേഹമോടിളകി വായനയിപ്രകാര-
മാദേശ ചിത്രതപന പ്രണയപ്രമാണം .

49 " പൂജാതി , പങ്കജമെനിയ്ക്കിണയായ്വരേണം ,
ഭൂജാതയെങ്കിലുമഹോ ! സ്മരവീരബാണം !
രാജാവു പത്മനയനത്തെ വരിച്ചിടേണം ;
ഭൂജാനിയിന്ദുവദനത്തെ മറന്നിടേണം .

---

46–47. തത്താദൃശം=അതുപോലെ. മത്താശയൻ=ഭ്രാന്തന്റെ വിചാരമുള്ളവൻ. നിശാപതി=ചന്ദ്രൻ.

48. മാദേവി (മഹാലക്ഷ്മി) "തലയിണ മന്ത്രം" തുടങ്ങി. പുത്രനായ കാമദേവന്റെ ശരം അത്രയും അടക്കി ഒട്ടുക്കിയതിന്റെശേഷം അവിടത്തെ സൂര്യന്റെ കാമലേഖനം (പ്രണയപ്രമാണം) വായിക്കാൻ തുടങ്ങി.

49. സ്മരവീരബാണം=കാമദേവന്റെ കുരമ്പു്. ഭൂജാനി=രാജാവു്. രാജാവിന്റെ പട്ടമഹിഷി താമരയെപ്പോലെ നീണ്ട കണ്ണുള്ളവളായിരിക്കണം. ചന്ദ്രമുഖികളായ സുന്ദരികളെപ്പററി രാജാക്കന്മാർ ഓർമ്മിക്കപോലും ചെയ്യരുതു്. സൂര്യരശ്മി കടംവാങ്ങി ചന്ദ്രൻ ശോഭിക്കുന്നതുകൊണ്ടു് ആ മുഖമുള്ള സ്ത്രീകൾ കൃത്രിമ സൌന്ദര്യമുള്ളവരാണെന്നു സാരം. തേച്ചുമിനുക്കിയ സൌന്ദര്യമല്ല സാക്ഷാൽ രൂപഗുണം എന്നു ധ്വനിയുള്ളതാകുന്നു.

50 " പാലാഴിമങ്കയുടെ ശങ്ക കളഞ്ഞ ദേഹം
പാലാഴിനാഥനുടെ പാദമലന്നഗേഹം,
കാലാന്തരം വരെ യിരിക്കണമെന്നു മോഹം;
കോലാഹലത്തൊടു നടത്തണമെൻ വിവാഹം. "

51 മാർത്താണ്ഡദേവനനുരാഗമുദിച്ച ഭാഗ്യ -
വാർത്താവിശേഷവുമശേഷമറിഞ്ഞ ലക്ഷ്മി
ഭർത്താവിനോടുടനുരച്ചു പറഞ്ഞു നന്നായ്
ചാർത്താൻ മുഹൂർത്തമരവിന്ദഭവൻ ഭവിക്കാൻ.

(ii)

52 ദിവ്യത്വമാന്ന ദിവസം വര ശുക്ലപക്ഷം
ഭവ്യത്തിനായിഭുവനത്തിൽ വിവാഹപക്ഷം;
സുവ്യക്തമെന്നു മലരും കവടീസമക്ഷം
ദ്രവ്യത്തിനേകി ഗണകൻ ഗണിതം പരോക്ഷം.

53 കർമ്മത്തിനൊത്ത വിധിവന്നിതു കർമ്മസാക്ഷി
ധർമ്മത്തിനൊത്തുപചരിപ്പതിനൊപ്പമേകാൻ
ശർമ്മത്തെ, പത്മ നിരുവിച്ചു വരും വിവാഹ -
കർമ്മത്തിനായുദയവേള വെളുത്തപക്ഷം.

---

51. അരവിന്ദഭവൻഭവിക്കാൻ=ബ്രഹ്മാവുണ്ടാകാൻ. ഈ വിവാഹത്തിൽ നിന്നു ലോകം സൃഷ്ടിക്കാൻ ബ്രഹ്മാവുണ്ടായി എന്നു കഥ പോകുന്നു. സൂര്യനിൽനിന്നാണ് സകല സൃഷ്ടികളും ഉണ്ടായിട്ടുള്ളതെന്നു ശാസ്ത്രം പറയുന്നു.

52. പരോക്ഷം=പ്രത്യക്ഷമല്ലാത്തതു്.

53. പത്മ=മഹാലക്ഷ്മി.

54 വൈകുണ്ഠവാതിലിൻ കാവലുനിന്നയിന്ദു -
വാകുന്ന നല്ല കണിയാരെ വിളിച്ചിതപ്പോൾ
വൈകുന്നനേരമവനില്ല , യൊളിച്ചിതെങ്ങോ ?
വേകുന്ന ചിത്തമറിവില്ല , വതാളമായി !

55 പെട്ടെന്നസോമനാദയാസ്തമയം നിഖച്ചു
മട്ടെന്നു വന്നു , പരനാരികളും മലച്ചു !
പൊട്ടെത്രതൊട്ടു നിലവിട്ടു നിലാവിലാടി -
പ്പിട്ടെത്രകാട്ടിയതിരുട്ടിലടച്ചു പൂട്ടി !

56 ലോകങ്ങളൊക്കെയിടിവെട്ടി , വിരട്ടി ; വീട്ടിൽ
ശോകങ്ങളാടി , മഴപെയ്തിതു ക്രൂരിരുട്ടിൽ ;
ആകസ്മികം കരികരിഞ്ഞു പൊരിഞ്ഞു കാട്ടിൽ ;
ഭൂകമ്പമായി ; മതിയെങ്ങനെ കെട്ട നാട്ടിൽ ?

57 എന്തോ ? ഭയത്തിൻ ഭയങ്കരകാളരാത്രി
സന്തോഷമായപഹരിച്ചിതു കാലമൈത്രി ;
അന്തോളമാക്കി പല ദുഷ്ടത , ശിഷ്ടധാത്രീ -
വന്തോളിലാക്കി , വിഹരിച്ചിതു പാപകർത്രി !

---

54. ഇന്ദു=ചന്ദ്രൻ. വൈകുണ്ഠത്തിലെ മററൊരു ദ്വാരപാലകനാകുന്നു. പ്രശ്നംവെക്കാൻ ചന്ദ്രനെ വിളിച്ചപ്പോൾ കണ്ടില്ല; കാര്യം കഴിഞ്ഞു.

55. പരനാരികൾ=വേശ്യകൾ. പൊട്ടുതൊട്ടു നിലാവത്തു കളിക്കാനിറങ്ങിയവർ മലച്ചുപോയി. അലങ്കാരങ്ങൾ എല്ലാം ഇരുട്ടിൽ കാണാതെയായി.

56. ആകസ്മികം=അകാരണമായി.

57. ഈ അവസ്ഥയിൽ എല്ലാവരേയും ഭയപ്പെടുത്താൻ കാളരാത്രി വന്നു, അന്തോളം=പല്ലക്ക്. പല ദുഷ്കർമ്മങ്ങളാകുന്ന പല്ലക്ക് ഭൂമിയെക്കൊണ്ടു ചുമപ്പിച്ച് അതിൽ രാത്രി സഞ്ചരിച്ചു എന്ന് അർത്ഥം. പല ഭയങ്കരകൃത്യങ്ങൾ രാത്രിയിൽ നടന്നു എന്നു ഭാവം. കാലമൈത്രി=കാലന്റെ സ്നേഹം. പാപകർത്രി=പാപംചെയ്യുന്നവൾ.

(iii)

58 നഗ്നൻ കലാനിധിയിതാ ! തലകാണി ലജ്ജാ --
മഗ്നൻ കുലാധമനമായ് കണികാണ്മിനല്പം !
ഭഗ്നൻ മതിയ്ക്കമൃതഭോഗമൊരുക്കി ഭാഗ്യ --
ലഗ്നക്കണിയ്ക്കു തുണ്ടിന്നുലെറിയുന്ന ഭക്തർ !

59 സ്വാഹാംഗനയ്ക്കു രതികോപമുയർന്നു മുററി
സാഹായ്യതീക്ഷ്ണമതി കൂടിയുടൻ വയററിൽ ;
ദാഹാഗ്നിയേററു മതിതോററിയ ലീല പോററി
ഹാഹാ ! പുണർന്നവനെ വിഷ്ണുപദത്തിലോററി !

60 വേഷം വിശേഷമതുമല്ല കൃശാംഗനായ
ശേഷം ശശിയ്ക്കുദയമായിതുപോലെ മേക്ക് ;
യോഷയ്ക്കു നാണവുമുണർത്തിവരുന്ന കാല
ദോഷത്തെ നീക്കുവതിനാണൊരു തൂലണിഞ്ഞു !

---

58. കലാനിധി=ചന്ദ്രൻ ഒരു നഗ്നനാണു്; ചെരിഞ്ഞ തലമാത്രമേ കാണാനുള്ളു. ഭഗ്നനായ ആ ചന്ദ്രനു സുഖം വരുത്താനും തങ്ങൾക്കു ഭാഗ്യം വരാനും ഭക്തന്മാരായ നാട്ടുകാർ ഓരോ തുണ്ടു പറിച്ചെറിയുന്നു. അമൃതഭോഗം=അമൃതുപോലെ സുഖം.

59. സ്വാഹാംഗന=അഗ്നിദേവന്റെ ഭാര്യ. രതി.....മുററി=കാമഭ്രാന്തു പിടിച്ചു. സഹായ്യതീക്ഷ്ണമതി=സഹായിക്കാൻ കടുപ്പക്കാരനായ ചന്ദ്രൻ. ദാഹാഗ്നിയേററു=ദഹിപ്പിക്കത്തക്ക ചൂടോടുകൂടെ. മതിതോററിയ=മനസ്സിൽ തോന്നിയ. പോററ്=വളർത്തി. ചന്ദ്രൻ സ്വാഹയുടെ വയററിൽപോയി അവളോടുകൂടി രമിച്ചു. അതിന്റെ ശേഷം അവനെ ആകാശത്തിലാക്കി. സ്വാഹയുടെ വയററിലിരുന്നതുകൊണ്ടാണു് ചന്ദ്രനെ കാണാതെപോയതു്.

60. കൃശാംഗൻ=ശോഷിച്ച ശരീരത്തോടുകൂടിയവൻ.

61 അന്നേരമിന്ദുവദനത്തെയറച്ചു മാത്രം
വന്നേകനിന്ദയുളവായുഡുവാം കളത്രം ,
" എന്നേറവും വികൃതമായതിവന്നു ഗാത്രം
കോന്നേക്കണേ ! ശിവ ! " പറഞ്ഞിതെരിഞ്ഞു നേത്രം.

62 " നക്ഷത്രനാഥനിവനിന്ദു , ഹിമാംശു , തിങ്കൾ ,
ലക്ഷ്മകളങ്കമതിയാം ശശി , യോഷധീശൻ
പക്ഷത്തിനൊത്ത വിധിവന്നു സുധാംശു , ചന്ദ്രൻ
ശിക്ഷയ്ക്കുപാത്രമതിനെത്ര മൃഗാങ്കനായി ! "

63 കാദംബിനീനികരമൊക്കെ നിരന്നിവണ്ണം
നാദം മുഴക്കി ; മതിപോയിതരക്ഷണത്തിൽ ;
വാദംവിനാ രജനി രാക്ഷസിയംബരത്തിൽ
ഭേദംവരാ മുടിയിരുട്ടിനഴിച്ചുവിട്ടാൾ !

64 ശീതാംശുപൂകിശരണം പരമേശ്വരന്റെ
താതാന്തികം തനയരുന്തിവരുന്നപോലെ ;
പീതാംബരത്തിലിതു വിഷ്ണുപദം നമിച്ചു
പൂതാനനൻ കതിരവൻ വിരമിച്ചപോലെ .

---

61. ഉഡു=നക്ഷത്രം. വികൃതികാണിച്ച ഭൎത്താവായ ചന്ദ്രനെ നക്ഷത്രം എരിഞ്ഞ കണ്ണോട്ടുകൂടി നോക്കി ശകാരിച്ചു.

62. രാത്രിയും ചന്ദ്രന്റെ ഭാൎയ്യയാകുന്നു. പല പേരുപറഞ്ഞു ശകാരിച്ചുകൊണ്ടു അവൾ രാക്ഷസിയായി. രഹസ്യത്തിനു പോയതുകൊണ്ടു ചന്ദ്രനു കളങ്കം വന്നു എന്നു ഭാവം.

63. കാദംബിനീ=മേഘമാല. നികരം=കൂട്ടം. രജനി=രാത്രി.

64. ശീതാംശു(=ചന്ദ്രൻ) പരമേശ്വരന്റെ കാൽക്കൽ പോയി വീണു.

(iv)

65 മേലാതെ വന്നു മതി താണുവണങ്ങി വീണാൻ ;
"കൈലാസനാഥ ! തരണേ ! ശിവ" മെന്നുകേണാൻ ;
മേലാണതീശ്വരകൃപയ്ക്കുതിരില്ല ; കാണാൻ
കാലാരിതാങ്ങി , തലയിൽ കലയായി വാണാൻ .

66 ചന്ദ്രക്കലാധരശിരസ്സിലിരുന്നുവന്നു
ചന്ദ്രക്കലയ്ക്കു പെരുകി പ്രചുരപ്രചാരം ;
ഇന്ദ്രന്നു വന്നു മറിയും മതിയായ കീൎത്തി --
ക്കിന്ദ്രാണി ചന്ദ്രമുഖിയായ് സുഖമായ്‌വസിച്ചാൾ .

67 ആണല്ല പെണ്ണിനു സമം മതിയിന്നുമെന്നു --
മാണെന്നു കണ്ണിനു വരുന്നൊരു തോന്നലായി ;
ഏണാങ്കനായ വിഷയം മുഷിയാതിരിക്കാൻ
കാണായ നാരി തനതാക്കിയിതാനനത്തെ .

68 കന്ദൎപ്പകാന്തി പകരുന്ന ദിവാകരന്റെ
സൌന്ദൎയ്യമന്തിയിലൊരംശമിരന്നുപൂശി ,
മന്ദന്മതിയ്ക്കു വരുമിന്നൊരു പൂനിലാവാം
മന്ദസ്മിതത്തിലമരുന്നിതനന്ത ലോകം .

---

65. കാലാരി=ശ്രീപരമേശ്വരൻ.

66. പ്രചുരപ്രചാരം=പ്രസിദ്ധി. ഇന്ദ്രന്റെ കീൎത്തിയും ഇന്ദ്രാണിയുടെ മുഖവും ചന്ദ്രനെപ്പോലെ ആയി.

67. ഭൂമിയിലുള്ള പെണ്ണുങ്ങളും ചന്ദ്രമുഖികളായി.

68. അനന്തലോകം=ആകാശം. സൂൎയ്യരശ്മി പ്രതിഫലിച്ചു ചന്ദ്രൻ പ്രകാശിക്കുന്നു.

69 വാചാമഗോചരകളങ്കമകന്നു തിങ്ക --
ളാചാൎയ്യസൂൎയ്യനു വിവാഹമുഹൂൎത്തമേകി ;
നീചാശുഭങ്ങളതിനില്ലലകത്തിനെല്ലാ --
മാചാരമാണ , ഭിധ , " ശാരദ സോമവാരം ! "

IV

(i)

70 രണ്ടാഴ്ചയുണ്ടിനി വിവാഹമഹോത്സവത്തെ
തണ്ടാരിൽമാതു നിരുവിച്ചതുപോൽ നടത്താൻ ;
മിണ്ടാതുരുണ്ടു ശനി വന്നു കശക്കി വേണ്ട --
തുണ്ടാക്കിയിണ്ടലിടയിൽ , പറവാൻ പ്രയാസം .

71 കാലന്നുവേണമണുപോലൊരുകാരണം , തൽ
കാലംപിഴച്ച പുഴവീച്ചയെയും പിടിയ്ക്കാൻ ;
കാലത്തിനീശനൊരു സൂരി വിശിഷ്ടനാകും
കോലത്തിനെങ്ങനെ വരുന്നിതു കഷ്ടകാലം ?

(ii)

72 ചക്രായുധന്റെ പുരി കാത്തു വരുന്ന സൂൎയ്യൻ
ശക്രാലയത്തിലമൃതേത്തു നടത്തിയിന്നാൾ ;
ആക്രാന്തരായ വിഷവാഹികൾ രാഹുകേതു
സംക്രാന്തികേറിയവനോടു വിരോധമായി .

---

69. വാചാ.....കളങ്കം=പറഞ്ഞറിയിക്കാൻ പാടില്ലാത്ത കളങ്കം. ശാരദസോമവാരം=ശരൽകാലത്തിലെ തിങ്കളാഴ്ച.

70. ഇണ്ടൽ=ദുഃഖം. വധൂവരന്മാൎക്കു ശനിദശ വന്നു.

71. കാലത്തിനീശൻ=സൂൎയ്യൻ. സൂരി=വിദ്വാൻ.

72. ആക്രാന്തർ=ആക്രമിക്കപ്പെട്ടവർ. സംക്രാന്തികേറി=വന്നു. ഒന്നാന്തീയതിയിൽ ദുഷ്ടന്മാർ ആദ്യം വീട്ടിൽ കയറിക്കൂടെന്നു നിൎബ്ബന്ധം ഈ നാട്ടിൽ ഉള്ളതാകുന്നു.

73 ദുഷ്ടദ്വിജിഹ്വർ പിടികൂടിയഹസ്കരന്റെ
ശിഷ്ടപ്രസന്ന വദനം കടികൂട്ടിയാട്ടി ;
നഷ്ടപ്രപഞ്ചമിഴി വാട്ടിയുരുട്ടിവിട്ട
കഷ്ടംകുറെക്കുറയുവാൻ വഴിയെന്തിതയ്യോ !

74 വാസത്തിനില്ല രസമെന്നു നിലച്ചു വായു
ശ്വാസം വലിച്ചു ; നിലയായിലയായതെല്ലാം ;
ആസന്നമായതിനിയേതു വിപത്തുതാനെ -
ന്നാസാധ്വവായ കമലത്തിനുമാധിയായി .

75 " നാരായണാ ! ശരണ " മെന്നു കരഞ്ഞു , കണ്ണു
തോരാതെ പത്മ ; കമലത്തിനു വന്ന ദുഃഖം ,
ആരാനുമല്ലവനി-മെല്ലെ ഹനിയ്ക്കുമെന്നു
നേരായ് ചിരിച്ചു ഹരി ; ഭൂമി വഹിച്ചു ഭാരം .

---

73. ദ്വിജിഹ്വർ=ഇരട്ടനാക്കുള്ളവർ—പാമ്പുകൾ.

74. ആസന്നം=അടുത്തതു്.

---

72–77. പാലാഴിമഥനത്തിൽ ദേവകൾക്കു് അമൃതുകിട്ടി. മഹാവിഷ്ണു വിള മ്പിക്കൊടുത്തു് അവർ ഉണ്ടുകൊണ്ടിരുന്നു. ഒരു സർപ്പം ബ്രാഹ്മണവേഷ ത്തിൽ ഊട്ടുപുരയിൽ കടന്നുചെന്നു. വാതിൽ കാത്തുകൊണ്ടുനിന്ന സൂര്യൻ വിവരം വിളിച്ചുപറഞ്ഞു. ഭഗവാൻ ചട്ടുകം കൊണ്ടടിച്ചു സർപ്പത്തെ രണ്ടായികീറി. അതു രാഹുകേതുക്കളായി. വാസ്തവം വിളി ച്ചുപറഞ്ഞ സൂര്യനോടു വിരോധമായി രാഹുകേതുക്കൾ അവനെ തരം നോക്കി വിഴുങ്ങിക്കൊണ്ടുവരുന്നു. ഇതാണു് ഇവിടെ വിവരിച്ചിരി ക്കുന്ന ഗ്രഹണത്തിന്റെ കഥ.

76 ചുററിഞ്ഞൊഴിച്ചു മഹി രാഹുവിനെപ്പുഴിച്ചും ,
ചീററിപ്പിടിച്ച പിടിയാലെ വലിച്ചടിച്ചും ,
ചുററിച്ചുഭ്രമി യിവനെ തലയിൽ ചതച്ചും ,
ചുററിത്തിരിഞ്ഞു രവിയേ തൊഴുതും ഭ്രമിച്ചും .

77 കേ[illegible]നയും തല ചതച്ചു പുതച്ചു ജൈത്ര
കേതുദയത്തിനു പിടിച്ചു വിടിത്തി ധാത്രി ;
ശ്രീതുകിയബ്ജമുഖി ചുററി വലത്തു വെച്ചും
വാതുലമേററുപചരിച്ചിതു ശുഭ്രമഭ്രം .

78 ദേഹം വിടിത്തി രവി യഗ്രഹണത്തിൽ നിന്നു
മോഹം തെളിഞ്ഞു വടിവോടു വിളങ്ങി നിന്നു ;
ദാഹം വളൎന്നു തളരുന്നൊരു താമരയ്ക്കും
മോഹത്തിനൊത്തകമിതാ ! തെളിയുന്നു കാൺമിൻ !

(iii)

79 പാമ്പിപ്രകാരമൊരുനാൾ പ്രിയനെക്കടിച്ചു
കൂമ്പിച്ചു താമരയുമെന്നു , കടുത്ത കൂട്ടം
വമ്പിച്ചുടുത്തു ; കലഹത്തിനു കൂട്ടി വട്ടം ;
കമ്പിച്ചുപോയി സകലം കമലാലയത്തിൽ !

---

**76-77.** ഗ്രഹണസമയത്തു മടലിട്ടടിക്കുന്നതും മററുമായ നാട്ടുനടപ്പുകളെ സൂചിപ്പിക്കുന്നു. ഭൂമി ചുററുന്നതുകൊണ്ടാണ് ഗ്രഹണം ഉണ്ടാകുന്നതെന്നു ശാസ്ത്രം വന്നപ്പോൾ രാഹുകേതുക്കളെ ഭൂമി കൊന്നുകളഞ്ഞുവെന്നു പറഞ്ഞാൽ അർത്ഥമുണ്ടല്ലൊ. ജൈത്രകേതു=ജയക്കൊടി. അബ്ജമുഖി=ചന്ദ്രമുഖി. ശുഭ്രമഭ്രം=ശുദ്ധമായ ആകാശം.

**79-83.** ഗജേന്ദ്രമോക്ഷം കഥ ചുരുക്കിയിരിക്കുന്നു.

**79.** കമലാലയം=താമരപ്പൊയ്ക

80 കൊമ്പൻ മദം കളയുവാൻ ചെളി കണ്ടുകൊണ്ടോ --
യിമ്പത്തിലെത്തി നളിനീതലമാക്രമിച്ചു ?
വമ്പൻ പറിച്ചു നളിനത്തെ വലിച്ചെറിഞ്ഞു ;
തുമ്പിക്കരത്തൊടിളകുന്നിതെടുത്ത തുമ്പം !

81 നീണാൾ വളർന്നവിടെ വാണ മൃണാളവല്ലി
കാണാതെയായതിന്നു വല്ല കണക്കു ചൊല്ലിൻ ;
തൂണായതില്ല , തുണയില്ല ; കരഞ്ഞു രാജം
വീണാളുടൻ ! കരിവരന്റെ കരം കടുപ്പം !

82 ആക്രന്ദനം ജലജജീവികൾ വിട്ടു ; കേട്ടു ,
നക്രം കടിച്ചു കരിയെ , ജ്ജയ ! കൃഷ്ണചക്രം !
ചക്രം ജനാർദ്ദനനമായുധമായി ലോക --
ചക്രം തിരിഞ്ഞു വഴിപോലെ കഴിഞ്ഞുപോകാൻ .

83 ആനയ്ക്കടുത്തു മരണം ; നളിനം കരഞ്ഞ
ദീനസ്വരത്തിലവളെ ദ്ദയവോടെടുത്താൻ
താനെന്നഭാവവുമടങ്ങി ഭജിച്ചു വെച്ചു
മീനായ മൂർത്തിയുടെ മുമ്പിലടഞ്ഞു മുക്തി .

84 ആദിത്യനായവരനും വധു താമരയ്ക്കും
ഖേദിപ്പതിന്നു വരുമോ ശനിബാധ മേലാൽ ?
ചോദിപ്പതിന്നിടവരാ കമലാകടാക്ഷാൽ
മോദിപ്പതിന്നുവരുമേ ദിനമൊന്നു പോയാൽ .

---

81. മൃണാളവല്ലി=താമരവള്ളയം.

82. ആക്രന്ദനം=നിലവിളി. നക്രം=മുതല.

## V

### (i)

85 സത്യത്തിനൊത്തു കമലം വരനാരി ; പാതി --
വ്രത്യത്തിനെന്തുകാവോ ? മൃഗതിങ്കളെങ്കിൽ
കൃത്യത്തിനെത്തി രവിവാരമിതന്തിനേര -
ത്തത്യന്തകാന്തിയിലുരച്ചു ചിരിച്ചിതേവം .

86 “ നാളെദ്ദിവാകരനുദിച്ചുയരുന്ന നല്ല
വേളയ്ക്കുതന്നെ തവ വേളി കഴിയ്ക്കുമല്ലീ ?
നാളല്ല , നിൻമിഴിയടച്ചു ചടച്ചിതല്ലിൽ
താളെന്നപോലെ തളരുന്നതിനാളുമല്ലാ . ”

87 “സന്തോഷമോടു കുമുദം മമ പൂനിലാവിൽ
താന്തോന്നിയായി വിലസുന്നൊരു നല്ല കാവിൽ ,
നിന്തോഴി ! ഭേഷ , വളയെന്തു വെടിഞ്ഞു ഭൂവി --
ലെന്തോ കരഞ്ഞു പിഴിയുന്നിതുരയ്ക്കു പൂവേ !

88 “ കാളപ്പുറത്തു കലാധരനീശനായ
മേളത്തിലാണു ഹരി ! വന്നൊരു വിഷ്ണുമായ !
താളത്തിനൊത്തുടനെയുഷ്ണമെടുത്തു പായാ --
നാളത്രയീശനളവായ് രതി ചിത്രമായ !

---

85. വരനാരി=കലസ്ത്രീ. രവിവാരം=ഞായറാഴ്ച
87. കാവിൽ=പൂങ്കാവിൽ.
88. കാളപ്പുറത്തു വന്ന പരമേശ്വരൻ വിഷ്ണുമായയെ കണ്ടു ഭ്രമിച്ചു ശാസ്താവുണ്ടായെന്നു പുരാണം. അങ്ങനെ കാമം ഉണ്ടാകാൻ തലയിൽ ചന്ദ്രൻ ഇരുന്നതുകൊണ്ടാണെന്നു ഭാവം.

89 " ചാപത്തിലാക്കി കമലത്തെയുമെയ്തനംഗൻ
രൂപത്തിലാക്കിയരിയീശ്വരനേയഭംഗം ;
ആപത്തിനല്ലിതു നിലാവിലൊരുക്കി രംഗം ,
സംപത്തിനല്ലി തവ മംഗല ശോഭനാംഗം ?

90 " പെണ്ണിന്നു കണ്ണിണ ഗുണത്തിനു വന്നു കാണാം
തണ്ണീയ്ക്കകത്തു നളിനേക്ഷണ തൻ കടാക്ഷാൽ ;
കണ്ണിന്നിണങ്ങി മുഖവും കളിയാടണേ ! ഞാൻ
വിണ്ണിൻെറയേകമുഖമാണതു വേണമോ , തേ ?

91 " നോട്ടത്തിനൊത്തവിധമാനനവും തെളിഞ്ഞാൽ
ക്കൂട്ടത്തിലേതു വധുവും തവ തുല്യമാകാ !
വാട്ടം വിനാ വിധുമുഖിയ്ക്കുടയാട ചാർത്തി
വേട്ടത്ര മിത്രനിണ , കണ്മണിയായ് സുഖിയ്ക്കാം ! "

92 ജാതിയ്ക്കു ചേൎന്നു വരുമോ മതി ചൊന്ന ചൊല്ലും ?
കാതിൽ തറച്ചു, വിറ വന്നു മറച്ചു രാജം ;
വീതിച്ചെട്ടപ്പതിനൊരുത്തരുമില്ലിതല്ലൽ,
തീ തിന്നു , വാടി , മുടിതൊട്ടടിയോടെ ചൊട്ടി !

---

89. ശ്രീപരമേശ്വരൻെറ നേരെ കാമദേവൻ വിട്ട ശരം താമരപ്പൂവാകുന്നു. ശാസ്ത്രവുണ്ടായ കൃത്യു നടത്തുന്നതു നല്ല നിലാവത്തു് ആയിരുന്നു. അതുകൊണ്ടു ചന്ദ്രനെ നോക്കിയാൽ ആപത്തല്ല സമ്പത്തുണ്ടാകുമെന്നു ചിരിച്ചുകൊണ്ടു പറയുന്നു. അരിയീശ്വരൻ=ശത്രുവായ പരമേശ്വരൻ. ശിവൻ കാമദേവൻെറ ശത്രുവാകുന്നു. എന്നിട്ടും ഈ നിലാവത്തു് അദ്ദേഹം കാമനു കീഴടങ്ങിയെന്നു ധ്വനിപ്പിക്കുന്നു.

91 ചന്ദ്രൻെറ മുഖം എടുത്തുവെച്ചുകൊള്ളുവാൻ ഗുണദോഷിക്കുന്നു.

92 അല്ലൽ=ദുഃഖം.

(ii)

93 നേരം വെളുത്തു ; മതിയാഴിയിൽ മങ്ങി , മുങ്ങി ;
പാരം ചിരിച്ചു രവി പൊങ്ങി , വിളങ്ങി , വന്നു ;
ദൂരത്തു നിന്നു കരമോടിയെടുത്തു നാഥൻ
നേരത്തെ തന്നെ കമലത്തിനെയും തലോടി !

94 ദാഹിച്ചു നിന്നു വലയും കമലത്തെ മിത്രൻ
മോഹിച്ചു ചേർത്തിതു വിവാഹമഹാമുഹൂർത്തം ;
ഊഹിയ്ക്കവയ്യ , രിയ പാരിടമെത്രമാത്രം
സ്നേഹിച്ചു ചെന്നുപചരിച്ചതുമെത്ര ചിത്രം !

95 ഭൂമിക്കു വന്നു കളി രണ്ടു തരത്തിൽ ; വീണ്ടും
കാമിയ്ക്കു വേണ്ട ദിനചര്യകൾ കണ്ടുരുണ്ടും ,
ഭൂമി ഭ്രമത്തിലുദയാസ്തമയത്തിരുണ്ടും ,
സ്വാമിയ്ക്കു ചുററിയെതിരേററരുളേണ്ടതാണ്ടും .

96 രാവിൻെറ പാതിയിലിരുന്നുതിരിച്ചു പിറേറ
രാവിൻെറ പാതിവരെയൂഴിയിതൊന്നു ചുററി ;
സേവിച്ചുവന്ന രസമേററിതു ഭാനു കാററിൽ
ഭൂവിന്നു വന്നയഴലെന്നുമകററി മുററും .

97 ചാഞ്ഞിട്ടു , രശ്മികതിരോനെ വണങ്ങി വാങ്ങും ;
പാഞ്ഞിട്ടു , വത്സരമൊഴിയ്ക്കുമഴിയ്ക്കുമെങ്ങും ;
കാഞ്ഞിട്ടു , വേനൽ , മഴ , മഞ്ഞുപുകഞ്ഞുമങ്ങും
മാഞ്ഞിട്ടു , മാറിമറിയും മുറയൂഴിതിങ്ങും .

---

95 ഭൂമി അച്ചുതണ്ടിൽ തിരിയുന്നതുകൊണ്ടു രാവും പകലും, സൂര്യനെ വലത്തുവെക്കുന്നതുകൊണ്ടു സംവത്സരവും ഉണ്ടാകുന്നു.

98 മീനായിതാ സകല പാലകനംബുജാക്ഷൻ
നാനാവിധത്തിലതിശുദ്ധവിധിയ്ക്കധീശൻ
സേനാനിയായി കമലോത്ഭവഭാഗ്യ ഭൂവിൽ
താനായ് നടത്തി കമലത്തിനുടൻ വിവാഹം

(iii)

99 മററാരുമേതുമറിയാത്ത രസത്തൊടാടി
തററായ് ഞൊറിഞ്ഞയുടപായലഴിഞ്ഞു പത്മം
ഏററാളിണങ്ങി മണിയാം ഹരിതൻ കരങ്ങൾ ;
തെററാതെ ചാററി മഴ ; പോററി ഹിരണ്യഗർഭം .

........................................................

100 പത്മാത്മജൻ തുരുതുരെപ്പെരുതാക്കി സൃഷ്ടി ;
പത്മാക്ഷനം ശരിവരെശ്ശരിയാക്കി തുഷ്ടി ;
പത്മാകരത്തിലുളവായ് ധനധാന്യവൃഷ്ടി ;
പത്മാംഗനയ്ക്കുവരവായ് ബഹു ഭാഗ്യപുഷ്ടി .

---

98. കമലോത്ഭവ......വിൽ=സത്യലോകം. മഹാവിഷ്ണു മീനാവതാരമെടുത്തു വന്നു ഈ വിവാഹം നടത്തി. സേനാനി=പടനായകൻ.

99. ഹിരണ്യഗർഭം=ബ്രഹ്മാവുണ്ടായ ഗർഭപാത്രം.

100. പത്മാകരം=താമരപ്പൊയ്ക. പത്മാംഗന=താമരയാകുന്ന സ്ത്രീ.

101 മുമ്പാ "വസന്തതിലകം" മലർ മങ്കയായി --
തമ്പായിമാരന്റെ, ഹരിയ്ക്കുവഹം "രാജ" മായി :
ഇമ്പത്തൊടക്കമെലസംഭവവൃത്തമായി ;
സമ്പത്തൊടായ തടിയന്നിതിവൃത്തമായി .

---

101. വസന്തതിലകം മലർ=വസന്തകാലത്തിന്റെ തിലകമായ പൂവ്. അതു സ്ത്രീയായി; കാമദേവന്റെ അമ്പായി; സൂര്യന്റെ ഭാര്യയായി; ബ്രഹ്മാവിന്റെ വൃത്താന്തമായി; കവിയ്ക്കു നല്ല കഥയുമായി,

ശുഭം.

---

Sree, Rama Vilasam' Press (Branch), Trivandrum.

# രാജ്യം.

E350

ആർ. കൈമ്മൾ.